നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈൻ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതരുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടറോട് പി.ജി.സി.ഐ.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. ലൈൻ നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടംകുളം വൈദ്യുതി നിലയത്തിന്റെ യൂണിറ്റ് ഒന്നിൽ (1000 മെഗാവാട്ട്) നിന്നും കേരളത്തിന് 133 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത്. കമേഴ്സ്യൽ ഓപ്പറേഷൻ ആകാത്തതിനാൽ നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്നുണ്ട്. ഒക്ടോബർ 2013 മുതൽ ഇതു ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇല്ല.

വൈദ്യുതി പ്രതിസന്ധി

23 (7859) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലൈൻ ഇല്ലാതെ വന്നതുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം ഇതുവരെയും പരിഹരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്രപൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രസരണ ലൈനുകൾ ഉണ്ട്.

കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

24 (7860) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തകരാറിലായതും ശരിയായ റീഡിംഗ് കാണിക്കാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഒരു വലിയ കാരണമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly